**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **12-02-2024 - ൽ മറുപടിയ്ക്ക്**

**ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇവയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | 30/07/2021 ലെ സ.ഉ(കൈ)നം.24/2021/വിസവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30/07/2021 ലെ സ.ഉ.(കൈ)നം. 24/2021/വി.സ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചു കൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി യുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതാത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു/ പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.<br><br>ജനസാന്ദ്രതയും ദൂരപരിധിയും അടിസ്ഥാനമാക്കി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം പുതുക്കുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | എന്നാൽ സി.എസ്.സി ജനസേവന കേന്ദ്രങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല. |
| (ബി) | നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം അനുവദിക്കണമെന്നത് ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 30/07/2021 ലെ സ.ഉ(കൈ)നം.24/2021/വിസവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30/07/2021 ലെ സ.ഉ.(കൈ)നം. 24/2021/വി.സ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചു കൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി യുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതാത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു/ പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.<br><br>ജനസാന്ദ്രതയും ദൂരപരിധിയും അടിസ്ഥാനമാക്കി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം പുതുക്കുന്ന കാര്യം പരിഗണനയിലാണ്. എന്നാൽ സി.എസ്.സി ജനസേവന കേന്ദ്രങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല. |
| (സി) | പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ തയ്യാറാകുമോയെന്നും അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമികമായി എന്തെല്ലാം സൗകര്യങ്ങൾ ആണ് ലഭ്യമാക്കേണ്ടതെന്നും വ്യക്തമാക്കുമോ; | (സി) | 30/10/2019 ലെ സ.ഉ(കൈ) നം. 24/2019/ വി.സാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ കമ്മിറ്റി തീരുമാനം വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | സജ്ജീകരിക്കേണ്ടത് നടത്തിപ്പുകാരായ അക്ഷയ സംരംഭകർ തന്നെയാണ്. |
| (ഡി) | കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് ജനസേവന കേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | കോട്ടയം ജില്ലയിൽ നിലവിൽ ഒഴിവുള്ള 7 ലൊക്കേഷനുകളിൽ (മണ്ണാർക്കുന്നു, ചക്കമ്പുഴ, കാനം, സൗത്ത്പാമ്പാടി, ഔട് പോസ്റ്റ്, തെള്ളകം, പാക്കിൽ) പുതിയ അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്ന കാര്യം പരിഗണനയിലാണ് |
| (ഇ) | അക്ഷയ പദ്ധതിയ്ക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുമോയെന്നും ഇതിനായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കാൻ കഴിയുമോയെന്നും അറിയിക്കുമോ; | (ഇ) | അക്ഷയ പദ്ധതിയ്ക്ക് മാത്രമായി ഒരു ഡയറക്ടറെ നിയമിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (എഫ്) | അക്ഷയ സംരംഭകരുമായി കരാർ പുതുക്കുന്നതിനോടൊപ്പം സേവന നിരക്കിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | അക്ഷയ സേവന നിരക്കുകൾ പരിഷ്കരിക്കുന്നതും കരാർ പുതുക്കുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലാണ്. |
| (ജി) | സംസ്ഥാനത്ത് അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലയിൽ അനുവദിച്ചിട്ടും പ്രവർത്തനം നിലച്ചുപോയ അക്ഷയ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ജി) | അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കോട്ടയം ജില്ലയിൽ അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടും നിലവിൽ പ്രവർത്തനം നിലച്ച പോയ കാനം, സൗത്ത്പാമ്പാടി, ഔട്ട് പോസ്റ്റ്, തെള്ളകം, പാക്കിൽ എന്നീ അഞ്ച് അക്ഷയ കേന്ദ്രങ്ങളുണ്ട് .<br><br>ഇവയിൽ ഔട്ട് പോസ്റ്റ്, തെള്ളകം, പാക്കിൽ എന്നീ കേന്ദ്രങ്ങളുടെ സംരംഭകർ വിദേശത്തായതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി റദ്ദ് ചെയ്യതും, സൗത്ത് പാമ്പാടി, കാനം എന്നീ കേന്ദ്രങ്ങളുടെ സംരംഭകർ അക്ഷയ കേന്ദ്രം തുടർന്നു നടത്തി കൊണ്ട് പോകാൻ താല്പര്യമില്ല എന്ന് രേഖാമൂലം അറിയിച്ചതിനാൽ റദ്ദ് ചെയ്യതുമാണ് |

സെക്ഷൻ ഓഫീസർ